Mathrubhumi.com

# വേരുകൾ പിടിച്ച് കനകക്കുന്നിലെ മിയാവാക്കി വനം

Jun 27, 2019, 02:00 AM IST

A | A | A

നഗരഹൃദയത്തിൽ അരയാലും പേരാലും കണിക്കൊന്ന, അത്തി, പ്ലാശുമൊക്കെയായി ഒരു വനം തഴച്ചുവളരുകയാണ്. ഒരു സ്ക്വയർ മീറ്ററിൽ നാല് സസ്യങ്ങൾ- ഒരു മരം, ഒരു കുറ്റിച്ചെടി, വള്ളിച്ചെടി എന്നിവ ഇടകലർന്ന് നിൽക്കുന്നു. കനകക്കുന്നിലെ സൂര്യകാന്തി മൈതാനത്തിലാണ് അഞ്ചുസെന്റിൽ ഒരുക്കുന്ന മിയാവാക്കി മാതൃകാവനം വേരുകൾ പിടിക്കുന്നത്.

അത്തി, നെല്ലി, നീർമാതളം, അരയാൽ, പേരാൽ, പൂവരശ്, മാവ്, പ്ലാവ്, കണി
രാമച്ചം, പതിമുഖം, ചാമ്പ, കരിങ്ങാലി, കൊക്കോ, ഏഴിലംപാല, ഇലഞ്ഞി, ഇല
തുടങ്ങി 800 ഓളം സസ്യങ്ങളാണ് വളരുന്നത്. സംസ്ഥാനത്ത് സർക്കാർ മേഖല
തയ്യാറാക്കുന്ന ആദ്യ മിയാവാക്കി വനം കൂടിയാണിത്. നേച്ചേഴ്സ് ഗ്രീൻ ഗാർഡ
ഫൗണ്ടേഷനാണ് ഇതിന്റെ പിരപാലനച്ചുമതല. പീച്ചി വനം ഗവേഷണ കേന്ദ്രം പാലോട് ടി.ബി.ജി.ആർ.ഐ. എന്നിവിടങ്ങളിൽ നിന്നാണ് വൃക്ഷത്തൈകൾ ശേഖരിക്കുന്നത്.

Powered By Unibo
Kerala
Deaths
466
COVID-19 Cas

സ്വാഭാവിക വനത്തിന്റെ വളർച്ചയെത്തും. എന്നാൽ, 10 വർഷം പൂർത്തിയാക്കുന്ന മിയാവാക്കി വനത്തിന് നൂറു വർഷത്തെ സ്വാഭാവിക വനത്തിന്റെ വളർച്ച കാണാം.

സസ്യശാസ്ത്രജ്ഞനും ജപ്പാനിലെ യോകോഹാമ സർവകലാശാലയിൽ പ്രൊഫസറായ ഡോ.അക്കിറ മിയാവാക്കിയാണ് ഈ മാതൃക വികസിപ്പിച്ചെടുത്തത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രണ്ടായിരത്തോളം സ്ഥലങ്ങളിലായി ഇതേ മാതൃകയിൽ മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. മിയാവാക്കി മാതൃക അനുസരിച്ച് കുറഞ്ഞത് രണ്ടരസെന്റിൽ ഒരു സ്വാഭാവികവനം വളർത്തിയെടുക്കാം. 70 മുതൽ 100 വരെ ഇനത്തിലുള്ള സസ്യങ്ങൾ ഇവിടെ വെച്ചുപിടിപ്പിക്കണം. ഉയർന്ന മരങ്ങൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, അടിക്കാട്ടിലെ ചെടികൾ ഇവയൊക്കെ ഓരോ ചതുരശ്ര മീറ്ററിലും ഇടകലർത്തിയാണ് വളർത്തുന്നത്.